# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2731 — 09-05-2017-ലെ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. സ്വരാജ്:** | | **ഡോ.കെ.ടി.ജലീൽ**<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എന്തെല്ലാം പുരോഗമനകരമായ മാറ്റങ്ങൾ ഈ സർക്കാർ നടപ്പിലാക്കി എന്ന് അറിയിക്കുമോ ; | എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കി. പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ സുതാര്യമായും, ദ്രുതഗതിയിലും തയ്യാറാക്കുന്നതിന് PRICE Software ബാധകമാക്കി. ടെണ്ടർ മുഖാന്തിരം നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം നടപ്പാക്കാൻ ഉത്തരവായി. ഗുണഭോക്തൃ സമിതികൾ മുഖാന്തിരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അടങ്കൽ, ബിനാമി ഇടപാടുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി 50,000/- രൂപയായി നിജപ്പെടുത്തി. |
| ബി) | ഈ വിഭാഗത്തിലെ അഴിമതി അവസാനിപ്പിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ ? | ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് 'ഫോർ ദ പീപ്പിൾ' എന്ന പരാതി പരിഹാര സെല്ലിന് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന വിജിലൻസ് വകുപ്പ്, CTP (Vigilance), മറ്റ് വകുപ്പ് മേധാവികൾ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഴിമതി, മറ്റ് ക്രമക്കേടുകൾ എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**